(ബി&സി) പ്ലാനിംഗ് ബോർഡിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ DMRC ഒരു റിപ്പോർട്ട് നൽകിയിട്ടുണ്ട്. പദ്ധതി PPP മോഡലിൽ നടപ്പാക്കുന്നതിലെ പ്രായോഗിക പ്രശ്നങ്ങൾ DMRC ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. വിശദമായ പരിശോധനയ്ക്കുശേഷം അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ

25 (*115) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് ;

(ബി) അദ്ധ്യാപകർക്കും ജീവനക്കാർക്കും ശമ്പളം നൽകാത്തതുമൂലം വർഷങ്ങളായി എയ്ഡഡ് മേഖലയിലെ ജീവനക്കാർ അനുഭവിക്കുന്ന വിഷമതകൾ പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കും; വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉണ്ട്. എയ്ഡഡ് സ്കൂൾ നിയമനങ്ങൾ അംഗീകരിക്കുന്നതിനാവശ്യമായ തസ്തിക നിർണ്ണയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ജി.ഒ.(പി) 313/13/പൊ.വി.വ, ജി.ഒ(പി)124/14/പൊ.വി.വ എന്നിവ പ്രകാരവും ജി.ഒ(പി) 278/14/പൊ.വി.വ പ്രകാരവും പുറപ്പെടുവിച്ചുവെങ്കിലും ബഹു. ഹൈക്കോടതി WP(C) 30107/13 നമ്പർ കേസിലെ 15-1-2015-ലെ വിധിയിലൂടെ അദ്ധ്യാപക പാക്കേജും തസ്തികനിർണ്ണയം സംബന്ധിച്ച അനുബന്ധ സർക്കാർ ഉത്തരവുകളും റദ്ദുചെയ്തിട്ടുണ്ട്. ഇതിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിക്കുകയും വിവിധ കാരണങ്ങളാൽ നിയമനാംഗീകാരവും ശമ്പളവുമില്ലാതെ തുടർന്നിരുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും 1-6-2011 മുതൽ നൽകുന്നതിനും കുട്ടികളുടെ കുറവുമൂലം സർവ്വീസിൽ നിന്നും പുറത്തുപോയ അദ്ധ്യാപകർക്ക് പുനർനിയമനം

LIBRARY ARCHIVES Kerala Legislative Assembly

നൽകുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് അദ്ധ്യാപക പാക്കേജ് പ്രഖ്യാപിച്ചത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രശ്നരഹിതമായ അദ്ധ്യാപകസമൂഹം അത്യാവശ്യ ഘടകമാണെന്നതിന്റെ അടിസ്ഥാനത്തിലും എയ്ഡഡ് സ്കൂൾ നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും പാക്കേജ് ലക്ഷ്യമിട്ടിരുന്നു. ശമ്പളമില്ലാതെ ജോലിയിലിരുന്ന 3361 അദ്ധ്യാപകർക്കും റിട്രെഞ്ച്ഡ് ആയ 1462 അദ്ധ്യാപകർക്കും അദ്ധ്യാപക പാക്കേജിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. എന്നാൽ ബഹു. ഹൈക്കോടതി 30107/13 എന്ന കേസിലെ 15-1-2015-ലെ വിധിയിലൂടെ അദ്ധ്യാപക പാക്കേജും അനുബന്ധ ഉത്തരവുകളും നിലവിൽ റദ്ദു ചെയ്തിട്ടുണ്ട്. ഇതിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ

26 (*116) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആരുടെയെല്ലാം സഹായമാണ് ഇതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി മൂലം പൊതുവിപണിയിലെ വിലവർദ്ധന എത്രമാത്രം നിയന്ത്രിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കാമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഉണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടിയാണ് മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly